പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 5692

28.03.2018 ൽ
മറുപടിക്ക്

**കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് സ്കീം - 2 ൽ അപേക്ഷിക്കുന്നതിനുള്ള യോഗ്യത**

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. സി. ദിവാകരൻ | | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) കേരള അഡ്മിനിസ്ട്രേറ്റീവ് സർവീസ് പരീക്ഷ സ്കീം - 2 ൽ ഭരണഘടനാ സ്ഥാപനങ്ങളായ പി.എസ്.സി., നിയമസഭാ സെക്രട്ടേറിയറ്റ്, അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ ജീവനക്കാർക്ക് അപേക്ഷിക്കാൻ സാധിക്കുമോ; ഇല്ലെങ്കിൽ ഒഴിവാക്കാനുള്ള കാരണം വ്യക്തമാക്കുമോ;<br><br>ബി) 15.03.2018-ലെ SRO ഭേദഗതിയിലൂടെ കെ.എ.എസ്.ചട്ടങ്ങളിലെ 14 (ബി) യിൽ നിന്ന് "constitutional bodies" എന്ന വാക്ക് നീക്കം ചെയ്യാനുണ്ടായ സാഹചര്യം വ്യക്തമാക്കാമോ; | (എ) യും (ബി) യും | സർക്കാർ നയങ്ങളും പരിപാടികളും കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് ഒരു രണ്ടാംനിര മധ്യതല സംവിധാനം സൃഷ്ടിക്കുക, സർക്കാർ സർവ്വീസിലെ ഉദ്യോഗസ്ഥർക്ക് അവസരങ്ങൾ സൃഷ്ടിക്കുക വഴി അവരെ ഭരണ സംവിധാനത്തിലെ ഉയർന്ന തസ്തികകൾ കൈകാര്യം ചെയ്യുന്നതിന് പ്രാപ്തരാക്കുക, സംസ്ഥാന സിവിൽ സർവ്വീസിൽ നിന്നും പ്രൊമോഷൻ മുഖേന IAS ലേയ്ക്ക് നിയമനം നടത്തുന്നതിനുമുള്ള ഫീഡർ കാറ്റഗറി സൃഷ്ടിക്കുക എന്നീ ഉദ്ദേശ ലക്ഷ്യങ്ങളോടെയാണ് കേരള അഡ്മിനിസ്ട്രേറ്റീവ് സർവ്വീസ് രൂപീകരിച്ചത്. ഉദ്ദേശ ലക്ഷ്യങ്ങൾ വിശേഷാൽ ചട്ടങ്ങളിലെ ചട്ടം 2-ൽ വ്യക്തമാക്കിയിട്ടുണ്ട്. കെ.എ.എസ്. ലേയ്ക്കുള്ള നിയമനരീതിയും യോഗ്യതകളും കെ.എ.എസ്. ചട്ടത്തിലെ ചട്ടം 12 ൽ വ്യക്തമാക്കിയിട്ടുണ്ട്. പ്രസ്തുത ചട്ടത്തിൽ സ്കീം II, III എന്നിവയിലേയ്ക്ക് ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് അപേക്ഷിക്കുവാൻ വ്യവസ്ഥ ചെയ്തിട്ടില്ല. ആയതിനാൽ കെ.എ.എസ്. ചട്ടത്തിലെ ചട്ടം 14 (ബി) (ii)-ൽ തെറ്റായി ഉൾപ്പെടുത്തിയിരുന്ന 'Constitutional bodies' എന്ന വാക്ക് നീക്കം ചെയ്യുവാൻ തീരുമാനിക്കുകയായിരുന്നു. നയപരമായ തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് ഭരണഘടനാ സ്ഥാപനങ്ങളെ ഒഴിവാക്കിയിട്ടുള്ളത്. |

| | |
|---|---|
| സി) കെ.എ.എസ്.-ന്റെ ഷെഡ്യൂൾ-1 ൽ ഉൾപ്പെടാത്ത ഏതൊക്കെ സർക്കാർ വകുപ്പുകൾക്ക് സ്കീം-2 ൽ അപേക്ഷിക്കാം എന്ന് വ്യക്തമാക്കുമോ; | സി) ഷെഡ്യൂൾ I ൽ ഉൾപ്പെടുന്ന വകുപ്പുകളിലെ ഒന്നാം ഗസറ്റഡ് മുതൽ മുകളിലുള്ള ഉദ്യോഗസ്ഥർക്കും കോമൺ കാറ്റഗറി തസ്തികകളിലെ ഒന്നാം ഗസറ്റഡ് മുതൽ മുകളിലുള്ള ഉദ്യോഗസ്ഥർക്കും ഒഴികെ എല്ലാ സർക്കാർ വകുപ്പുകളിലെ ജീവനക്കാർക്കും സ്കീം 2 ൽ അപേക്ഷിക്കാവുന്നതാണ്. |
| ഡി) ഭരണഘടനാ സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥർക്ക് മറ്റ് വകുപ്പുകളിലെ ഉയർന്ന തസ്തികയിലേക്ക് അപേക്ഷ സമർപ്പിക്കുന്നതിന് നിയമ തടസ്സങ്ങളുണ്ടോ എന്ന് വ്യക്തമാക്കുമോ; | (ഡി) യും (ഇ) യും സർക്കാരിന്റെ നയപരമായ തീരുമാനത്തിന്റെ ഭാഗമായാണ് ഭരണഘടനാ സ്ഥാപനങ്ങളിലെ ജീവനക്കാരെ ഒഴിവാക്കിയിട്ടുള്ളത്. |
| ഇ) ഇല്ലെങ്കിൽ ഭരണഘടന സ്ഥാപനങ്ങളിലെ ഉദ്യോഗസ്ഥരെ കെ.എ.എസ്.സ്കീം-2 ൽ അപേക്ഷ സമർപ്പിക്കുന്നതിൽ നിന്ന് ഒഴിവാക്കിയത് ഏത് ചട്ടപ്രകാരമാണെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ; | |

സെക്ഷൻ ഓഫീസർ